പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :732 — 05.06. 2018 ൽ മറുപടിക്ക്

## വൈദ്യുതി ബോർഡിലെ അധിക ജീവനക്കാർ

ചോദ്യം — ഉത്തരം

ശ്രീ.പാറക്കൽ അബ്ദുല്ല — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചതിനേക്കാൾ പതിനായിരത്തിലധികം ജീവനക്കാർ ഇപ്പോൾ വൈദ്യുതി ബോർഡിൽ ജോലി ചെയ്യുന്നുണ്ടെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;<br>(ബി)അധിക ജീവനക്കാരെ മാറ്റി നിയമിക്കണമെന്ന് റഗുലേറ്ററി കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ;<br>(സി) ഇത് സംബന്ധിച്ച് ഔദ്യോഗിക പഠന റിപ്പോർട്ടുകളേതെങ്കിലും ലഭിച്ചിട്ടുണ്ടോ;<br>(ഡി)എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ബോർഡ് ഇതിനോടകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;<br>(ഇ)അധിക ജീവനക്കാരുടെ പുനർ വിന്യാസം എന്നത്തേക്ക് നടപ്പാക്കാനാകും എന്ന് വ്യക്തമാക്കുമോ? | (എ, ബി, സി, ഡി & ഇ) കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, നിലവിൽ 27175 ജീവനക്കാരുടെ ശമ്പള ആനുകൂല്യങ്ങൾ മാത്രമേ ARR & ERC-ൽ അനുവദിക്കുന്നുള്ളൂ. ഇതേ തുടർന്ന്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ജീവനക്കാരുടെ വിനിയോഗവും പുനഃക്രമീകരണവും സംബന്ധിച്ച് പഠനം നടത്തുവാൻ കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പഠിക്കുന്നതിലേയ്ക്കായി രൂപീകരിച്ച ഉന്നതതല കമ്മിറ്റി, കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് വിവിധ ഓഫീസുകളുടേയും ജീവനക്കാരുടേയും പുനഃക്രമീകരണം സംബന്ധിച്ച് മുന്നോട്ടു വച്ച നിർദ്ദേശങ്ങളിൽ നടപ്പിലാക്കേണ്ട വിഷയങ്ങൾ തീരുമാനിക്കുകയും, പ്രസ്തുത വിഷയങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് കൃത്യമായ ശുപാർശകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിനായി ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സബ് കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചതിനു ശേഷം, വിവിധ സംഘടനകളുമായി ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ